(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഇനി എന്തെല്ലാം നടപടി ക്രമങ്ങളാണുള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ടെണ്ടർ നടപടികൾ ആരംഭിക്കാനുള്ള എൻ.ഒ.സി.-യും മറ്റ് ഡോക്യുമെന്റുകളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് ഈ ഘടകങ്ങളും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കും. ടെണ്ടർ ഘട്ടത്തിലുള്ള ഘടകങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണപ്രവൃത്തികൾ സമയ ബന്ധിതമായി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ദേശീയ വിദ്യാഭ്യാസ നയവും പാഠ്യപദ്ധതി പരിഷ്കരണവും

164 (774) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതേതര-ജനാധിപത്യ ബോധവും ഉന്നത ധാർമ്മികമൂല്യങ്ങളും പകർന്നുനൽകുന്നതും ശാസ്ത്രീയവീക്ഷണത്തിന് അടിത്തറ പാകുന്നതുമായിരിക്കണം ഒരു ജനാധിപത്യക്രമത്തിൽ പൊതുവിദ്യാഭ്യാസം എന്ന കാഴ്ചപ്പാടോടെയാണോ സംസ്ഥാനത്ത് പാഠ്യപദ്ധതിക്ക് രൂപം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മതേതര- ജനാധിപത്യബോധവും ഉന്നത ധാർമ്മികമൂല്യങ്ങളും പകർന്നു നൽകുന്നതും ശാസ്ത്രീയവീക്ഷണത്തിന് അടിത്തറ പാകുന്നതുമായിരിക്കണം ഒരു ജനാധിപത്യക്രമത്തിൽ പൊതുവിദ്യാഭ്യാസം എന്ന കാഴ്ചപ്പാടോടെയാണ് സംസ്ഥാനത്ത് കരിക്കുലം രൂപപ്പെടുത്തിയിട്ടുള്ളത്. കേരളത്തിൽ ഇപ്പോൾ പിന്തുടരുന്ന 'കേരള പാഠ്യപദ്ധതി ചട്ടക്കൂട് (2007)' ഇക്കാര്യം പൂർണ്ണമായി ഉറപ്പ് വരുത്തുന്നുമുണ്ട്. മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസം ലക്ഷ്യമാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വിദ്യാലയത്തിലെ മുഴുവൻ പ്രവർത്തനങ്ങളുമായും ഉൾച്ചേർന്നുകൊണ്ട് പ്രക്രീയാ ബന്ധിതമായിട്ടാണ് നടപ്പാക്കിവരുന്നത്. പാഠപുസ്തകങ്ങൾ, ഇതര പഠനസാമഗ്രികൾ, പഠനരീതി, പഠനാന്തരീക്ഷം എന്നീ സമസ്തമേഖലകളിലും ഇത് ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) പാഠ്യപദ്ധതി രൂപീകരണത്തിൽ സംസ്ഥാനങ്ങളുടെ അധികാരം കവർന്നുകൊണ്ട് കേന്ദ്രം നിശ്ചയിക്കുന്ന പാഠ്യപദ്ധതി നടപ്പാക്കാൻ എൻ.സി.ഇ.ആർ.ടി. സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ദേശീയ വിദ്യാഭ്യാസ നയത്തിനെ (2020) ആസ്പദമാക്കി പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. അതിനായി തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂടും രൂപീകരിക്കുന്നത് കേന്ദ്രത്തിന്റെ മേൽനോട്ടത്തിലാണ്. കേന്ദ്രം തയ്യാറാക്കുന്ന പ്ലാറ്റ്ഫോമിൽ അവർ തയ്യാറാക്കുന്ന ഉപാധികളും ഉപകരണങ്ങളും പ്രയോജനപ്പെടുത്തിയാണ് സംസ്ഥാനത്ത് പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിക്കേണ്ടത്. അതുകൊണ്ടുതന്നെ സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരണത്തിൽ കേന്ദ്രത്തിന്റെ ഇടപെടലും സ്വാധീനവും വളരെയധികമാണ്.

(സി) ഏകപക്ഷീയമായി പ്രഖ്യാപിച്ച ദേശീയ വിദ്യാഭ്യാസ നയവും പാഠ്യപദ്ധതി പരിഷ്കരണവും സൃഷ്ടിക്കുന്ന ആശങ്ക കണക്കിലെടുത്ത് ഇക്കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാരിനോട് വ്യക്തമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

ദേശീയ വിദ്യാഭ്യാസ നയം (കരട്) പ്രസിദ്ധീകരിച്ച വേളയിൽ ഇത് സൃഷ്ടിക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ 2019-ൽ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് പ്രസിദ്ധീകരിക്കുകയും അത് ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ അറിയിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. പ്രസ്തുത നയം എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ വിശദമായി ചർച്ച ചെയ്യുകയും ആശങ്കകൾ സംസ്ഥാനം വഴി കേന്ദ്രത്തെ യഥാസമയം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ മേഖലയിലെ പഠന നിലവാരം

165 (775) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. എം. സച്ചിൻദേവ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യാർത്ഥികൾ നിശ്ചിത പഠനനിലവാരം പുലർത്തുന്നതിലും അവർക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിലും കേരളം കൈവരിച്ച നേട്ടങ്ങളെ സംബന്ധിച്ച് ദേശീയതലത്തിൽ എന്തെങ്കിലും പഠനങ്ങൾ നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ദേശീയ പഠന നേട്ട സർവ്വേയിലും (National Achievement Survey) സുസ്ഥിര വികസന സൂചിക (Sustainable Development Index) അനുസരിച്ചും നീതി ആയോഗ് നടത്തുന്ന വിലയിരുത്തലിലും കേരളം എല്ലാവർക്കും ഗുണനിലവാരമുള്ള